## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 920 04/03/2020-ൽ മറുപടിക്ക്

## കോന്നി മണ്ഡലത്തിൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

**ചോദ്യം**
ശ്രീ.കെ.യു.ജനീഷ് കുമാർ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോന്നി മണ്ഡലത്തിൽ സർക്കാരിന് അധിക ചെലവ് ഉണ്ടാകാത്തവിധം കെട്ടിടം ലഭിക്കുന്നപക്ഷം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കോന്നിയിലെ പ്രമാടത്തുള്ള ഐ.എ.എസ്.അക്കാദമിയിൽ ക്രാഷ് ഫിനിഷിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനും, പ്രവാസികളും വിദേശ കമ്പനികളും നോർക്കയും ചേർന്ന് തൊഴിൽ മേളകൾ നടത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ബി) | സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സി.സി.ഇ.കെ) യുടെ കീഴിൽ സിവിൽ സർവ്വീസ് ക്രാഷ് കോഴ്സ് നിലവിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ മെയിൻ കേന്ദ്രമായ തിരുവനന്തപുരത്ത് മാത്രമേ ഉള്ളൂ. നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ച് കോന്നിയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രത്തിൽ സിവിൽ സർവ്വീസിനുള്ള ക്രാഷ്/ഫിനിഷിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനും തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിനും നിർവ്വാഹമില്ല. |

(signature)

**സെക്ഷൻ ഓഫീസർ**